# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5738.

27..10..2011-ൽ മറുപടിക്ക്

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ. എൻ. ജയരാജ്.** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു വേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വികസന പദ്ധതി, എം.എസ്.ഡി.പി. എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ, ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, ക്ഷീരകർഷകർക്കുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, പാൽഗുണനിലവാര പരിശോധന എന്നിവയും നടപ്പാക്കാനുദ്ദേശിക്കുന്നു. |
| (ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രയോജനപ്പെടുത്തി ക്ഷീരവികസന വകുപ്പ് പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (ബി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ ജില്ലകൾ കാലിത്തീറ്റ സബ്സിഡി അടക്കം വ്യത്യസ്തങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ, SIQ& CMP പദ്ധതിയും നടപ്പാക്കി വരുന്നു. |
| (സി) പാലിന്റെ ആഭ്യന്തര പ്രതിദിന ശരാശരി ഉല്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം നടപ്പുസാമ്പത്തിക വർഷം എത്രത്തോളം കുറയ്ക്കാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) & (ഡി) പാലിന്റെ സ്വയം പര്യാപ്തത നേടുകയെന്നതാണ് സർക്കാർ ലക്ഷ്യം. ഇതിനായി ഡയറിഫാമുകളുടെ വികസനം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നിലവിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഡയറിഫാമുകൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.